***Archbishop Soosa Pakiam M.,***
***St. Joseph's Metropolitan Cathedral, Trivandrum***

**പുതുവത്സര *സന്ദേശം***

*01.01.2010*

### കാലാവസ്ഥ വ്യതിയാനവും പരിസ്ഥിതി സംരക്ഷണവും

കഴിഞ്ഞ നാല്പത്തി രണ്ടു വർഷങ്ങളായി ജനുവരി മാസം ഒന്നാം തിയതി സാർവ്വത്രിക സഭ ലോക സമാധാന ദിനമായി ആചരിച്ചുവരികയാണ്. ഇന്ന് 43-ാം ലോക സമാധാന ദിനമാണ്. ഇതോടനുബന്ധിച്ച് പരിശുദ്ധ പിതാവ് ബെനഡിക്ട് പതിനാറാമൻ പുറപ്പെടുവിച്ച സമാധാന സന്ദേശത്തിന്റെ വിഷയമിതാണ്. ''സമാധാനം വളർത്തുന്നതിന് നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ സൃഷ്ടിയെ പരിപാലിക്കുക''. പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യത്തെയും ആവശ്യത്തെയും കുറിച്ചും കാലാവസ്ഥ വ്യതിയാനം നമുക്കു തരുന്ന മുന്നറിയിപ്പുകളെക്കുറിച്ചുമാണ് പ്രധാനമായും പരിശുദ്ധപിതാവ് ഈ സന്ദേശത്തിൽ നമ്മോടു സംസാരിക്കുന്നത്.

ഈ അടുത്ത കാലത്തായി കൂടെ കൂടെ നാം കേൾക്കാറുള്ള രണ്ടു പ്രയോഗങ്ങളാണ് പരിസ്ഥിതി സംരക്ഷണവും കാലാവസ്ഥ വ്യതിയാനവും. തികച്ചും നാടകീയമായ പരിപാടികളിലൂടെ പരിസ്ഥിതി സംരക്ഷണത്തിലേയ്ക്ക് പലരും ലോകശ്രദ്ധയാകർഷിക്കുവാൻ ശ്രമിക്കുന്ന വാർത്തകൾ മദ്ധ്യമങ്ങളിലൂടെ നാം വായിച്ചുകൊണ്ടിരിക്കുകയാണ്. മാലിദ്വീപിൽ കടലിനടിയിൽ വച്ചും ഇന്ത്യയിൽ എവറസ്റ്റ് കൊടുമുടിയുടെ ചുവട്ടിൽ വച്ചും മന്ത്രിസഭായോഗങ്ങൾ നടന്നതായി മാദ്ധ്യമങ്ങൾ റിപ്പോർട്ടു ചെയ്തിരുന്നു. ഡെൻമാർക്കിന്റെ തലസ്ഥാനമായ കോപ്പൻഹാഗനിൽ 192 രാഷ്ട്രത്തലവന്മാരും അനേകം വ്യവസായ പ്രമുഖരും പങ്കെടുത്ത ഉച്ചകോടി ഏതാനും ദിവസങ്ങൾക്കു മുമ്പ് സമാപിച്ചതേയുള്ളൂ. പ്രതീക്ഷിച്ച വിജയം കൈവരിക്കാൻ സാധിച്ചില്ലെങ്കിലും അവിടെയും ചർച്ചാവിഷയം പരിസ്ഥിതി സംരക്ഷണവും കാലാവസ്ഥ വ്യതിയാനവുമൊക്കെ തന്നെയായിരുന്നു. ഈ പശ്ചാത്തലത്തിലാണ് മാർപ്പാപ്പാ തന്റെ സമാധാന സന്ദേശത്തിൽ പരിസ്ഥിതി സംരക്ഷണത്തെ ലോകസമാധാനത്തിനാവശ്യമായ പ്രധാനപ്പെട്ട ഒരു ഉപാധിയായി അവതരിപ്പിക്കുന്നത്.

പരിസ്ഥിതി സംരക്ഷണമെന്നും കാലാവസ്ഥാ വ്യതിയാനമെന്നുമൊക്കെ കേൾക്കുമ്പോൾ എന്താണ് നാം മനസ്സിലാക്കേണ്ടത്? സാധാരണ ജനങ്ങളെ സംബന്ധിച്ചിടത്തോളം മനസ്സിലാക്കാൻ പ്രയാസമുള്ള ചില പ്രയോഗങ്ങളാണിവ. അതുകൊണ്ടു തന്നെ നല്ലൊരു ഭാഗം ജനങ്ങളും ഇക്കാര്യത്തിൽ വലിയ ശ്രദ്ധ പതിക്കാറില്ല. അതേസമയം തന്നെ പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ചും കാലാവസ്ഥ വ്യതിയാനത്തെക്കുറിച്ചുമുള്ള അജ്ഞതയും അവഗണനയും ഭൂമിയിലെ എല്ലാ ജീവജാലങ്ങളെയും നശിപ്പിക്കുവാൻ സാദ്ധ്യതയുള്ള ഒരു വലിയ ദുരന്തത്തിന്റെ വക്കിലാണ് നമ്മെ കൊണ്ടു ചെന്നെത്തിച്ചിരിക്കുന്നത്.

ചില ഉദാഹരണങ്ങളിലൂടെ ഇത് വ്യക്തമാക്കാൻ ഞാൻ ശ്രമിക്കാം. ഒരു വശത്ത് ശാസ്ത്രസാങ്കേതിക രംഗങ്ങളിൽ വൻ നേട്ടങ്ങളുണ്ടാക്കിക്കൊണ്ട് മുന്നോട്ട് കുതിക്കുന്ന ഒരു ലോകത്തിലാണ് നാം ജീവിക്കുന്നത്. മറുവശത്ത് ഈ പുരോഗതി കൈവരിക്കുവാനായി നാം കൊടുക്കുന്ന വില വളരെ വലുതാണ്. പട്ടണങ്ങളിൽ പടുകൂറ്റൻ കെട്ടിടങ്ങൾ പണിയുവാനും സമ്പന്നരുടെ സുഖസൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനും വൻ തോതിൽ മരങ്ങൾ വെട്ടിമുറിക്കുകയും വനം നശിപ്പിക്കുകയും ചെയ്യുമ്പോൾ ജീവന്റെ നിലനില്പിന് ആവശ്യമായ ഹരിത മൂല്യങ്ങൾ അഥവാ പച്ചപ്പു നഷ്ടമാകുന്നു. ഇതിനെക്കാളും ഭയാനകമാണ് കാർബൺ വസ്തുക്കളുടെ കത്തിക്കൽ. ദശലക്ഷക്കണക്കിന് വർഷങ്ങളിലൂടെ

ഭൂമിക്കടിയിൽ രൂപപ്പെട്ട കൽക്കരി, പെട്രോൾ, ഡീസൽ, പ്രകൃതിവാതകങ്ങൾ തുടങ്ങിയവ ഖനനം ചെയ്ത് ശാസ്ത്ര സാങ്കേതിക നേട്ടങ്ങൾക്കായി കത്തിക്കുമ്പോഴുണ്ടാകുന്ന പുക അന്തരീക്ഷമാകെ നിറയുന്നു. ജീവജാലങ്ങൾക്കെല്ലാം ജീവൻ നിലനിറുത്താനും ആരോഗ്യം സംരക്ഷിക്കാനും ആവശ്യം വേണ്ട ഓക്സിജൻ അഥവാ പ്രാണവായു കത്തിച്ച് ഉപദ്രവകാരിയായ കാർബൺ ഡൈയോക്സയ്ഡ് സദാ പുറത്തുവിട്ടുകൊണ്ടാണ് ഈ നേട്ടങ്ങൾ കൈവരിക്കുന്നത്. ഇന്ന് ഭൂമിയിലെ ഒരു മനുഷ്യൻ ശരാശരി ഒരു വർഷം ഒരു ടൺ കാർബൺ വാതകങ്ങൾ അന്തരീക്ഷത്തിലേക്ക് വിടുന്നതായി കണക്കാക്കപ്പെടുന്നു. അങ്ങനെയാണെങ്കിൽ 640 കോടി ടൺ കാർബൺ വാതകങ്ങളാണ് ഒരോ കൊല്ലവും അന്തരീക്ഷത്തെ മലിനമാക്കുന്നത്. ഈ സ്ഥിതി ഭയാനകമാണ്. കോടാനുകോടി തൊഴിൽ ശാലകളിൽ നിന്നും വമിക്കുന്ന ഈ വിഷവായു ഭൂമിയെ വിറപ്പിക്കുന്നു. അതിന്റെ താപനില ക്രമാതീതമായി വർദ്ധിപ്പിക്കുന്നു. ഭൂമിയെ കടുത്ത താപത്തിൽ നിന്നും സംരക്ഷിച്ചു നിറുത്തുന്ന ഓസോൺ പ്രതലം ദുർബലമാവുകയും അന്റാർട്ടിക്കായിൽ കണ്ടതുപോലുള്ള ഓസോൺ ദ്വാരങ്ങളു ണ്ട ാവുകയും ചെയ്യുന്നു. ആഗോളതാപം ഇനിയും ര ണ്ട ു സെൽഷ്യസ് കൂടി വർദ്ധിക്കുകയാണെങ്കിൽ ഭൂമി നരകമാകും. നരകത്തെക്കുറിച്ച് വലുതായിട്ടൊന്നും ഇനി പ്രസംഗിക്കേണ്ടിവരില്ല. മനുഷ്യൻ ഭൂമിയിൽ നരകം സൃഷ്ടിച്ചു തുടങ്ങിയിരിക്കുന്നു.

ഇങ്ങനെ ഭൂമിയുടെ ചൂട് ക്രമാതീതമായി വർദ്ധിക്കുന്നതു കാരണം മലകളിലെ മഞ്ഞുരുകുന്നു. കടലിലെ ജലനിരപ്പ് ഉയരുന്നു. ഈ ജലനിരപ്പ് ഇനിയും രണ്ടു മീറ്റർ കൂടി ഉയരുകയാണെങ്കിൽ ഇന്നുള്ള ധാരാളം ദ്വീപുകളും തിരദേശങ്ങളിലെ നല്ലൊരു ഭാഗവും വെള്ളത്തിനടിയിലാകും. ഈ പ്രദേശങ്ങളിൽ കഴിയുന്നവർ അന്യദേശങ്ങളിൽ കുടിയേറിപ്പാർക്കുവാനും അഭയാർത്ഥികളായി കഴിയുവാനും നിർബ്ബന്ധിതരായിത്തീരും.

അന്തരീക്ഷം തന്നെ വിഷവായു കൊണ്ടു നിറയുമ്പോൾ അതു ശ്വസിച്ച് ധാരാളംപേർ രോഗികളാവുകയും അകാലമൃത്യുവിന് ഇരയാവുകയും ചെയ്യുന്നു. മാത്രമല്ല വിഷാംശങ്ങൾ നിറഞ്ഞ അന്തരീക്ഷം അതുമായി ബന്ധപ്പെട്ട ജലാശയത്തെയും മലിനമാക്കുന്നു. ഇതോടൊപ്പം ഫാക്ടറികൾ പുറംതള്ളുന്ന രാസപദാർത്ഥങ്ങളും മനുഷ്യൻ നിക്ഷേപിക്കുന്ന മാലിന്യങ്ങളും കൂടിയാകുമ്പോൾ ശുദ്ധജല തടാകങ്ങളും ജലാശയങ്ങളും വിവിധതരം രോഗാണുക്കൾ കൊണ്ടു നിറയുകയും ചെയ്യുന്നു. ഇതിന്റെ ഫലമായി മീനുകൾ കൂട്ടത്തോടെ ചത്തുപൊങ്ങുന്നു. ഇതും പോരാഞ്ഞിട്ടാണ് പുരോഗതിയിൽ ഊറ്റം കൊള്ളുന്ന സമ്പന്നരാഷ്ട്രങ്ങളും വ്യക്തികളും അത്യാധുനികമായ ശാസ്ത്ര സാങ്കേതിക വിദ്യകളുപയോഗിച്ച് മത്സ്യങ്ങൾ തീറ്റകണ്ടെത്തുകയും പെറ്റുപെരുകുകയും ചെയ്യുന്ന പാരുകൾ അപ്പാടെ നശിപ്പിച്ചുകൊണ്ട് ഉള്ളതെല്ലാം പിടിച്ചെടുക്കുകയും സാധാരണക്കാരായ മത്സ്യത്തൊഴിലാളികളെ പട്ടിണിയിലാക്കുകയും ചെയ്യുന്നത്.

രാസവളങ്ങളും കീടനാശിനികളും ശാസ്ത്രത്തിന്റെ കണ്ടുപിടിത്തങ്ങളാണ്. എന്നാൽ ഇവയുടെ ദുരുപയോഗം കാരണം നാം ഉല്പാദിപ്പിക്കുന്ന ധാന്യങ്ങളും ഫലമൂലാദികളും ആരോഗ്യത്തെ പരിപോഷിപ്പക്കുന്നതിനു പകരം നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. വില്പനയ്ക്കായ് ഉല്പാദിപ്പിക്കുന്ന വിഭവങ്ങളിൽ ഏതു വിഷാംശവും കലർത്താൻ ഇന്നത്തെ മനുഷ്യനു മടിയില്ല.

കഴിഞ്ഞ നാല്പതു കൊല്ലങ്ങൾക്കുള്ളിൽ എയ്ഡ്സ്, പന്നിപ്പനി, ചിക്കൻ ഗുനിയ, എലിപ്പനി, ഡെങ്കിപ്പനി, ജപ്പാൻ ജ്വരം, മസ്തിഷ്ക്കാഘാതം തുടങ്ങിയ നിരവധി പുതിയ പുതിയ രോഗങ്ങളാണ് അനേകായിരങ്ങളുടെ ജീവൻ അപഹരിച്ചിട്ടുള്ളത്. പല രോഗങ്ങൾക്കും ഇനിയും മരുന്നു കണ്ടുപിടിച്ചിട്ടില്ല. അജ്ഞാതമായ അണുബാധയേറ്റ് നിമിഷങ്ങൾക്കുള്ളിൽ പ്രായഭേദമന്യേ പലരും

കുഴഞ്ഞുവീണു മരിക്കുന്നു. പരിസ്ഥിതി മലിനീകരണവും, കാലാവസ്ഥാ വ്യതിയാനവുമാണ് ഇതിനൊക്കെ പ്രധാന കാരണം.

ഈ പശ്ചാത്തലത്തിലാണ് മാർപ്പാപ്പ തന്റെ സമാധാന സന്ദേശത്തിൽ, പരിസ്ഥിതി മലിനീകരണം, പ്രകൃതി വിഭവങ്ങളുടെ അമിതമായ ചൂഷണം, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയ വിഷയങ്ങൾ സഭയുടെയും സമൂഹത്തിന്റെയും അടിയന്തിര ശ്രദ്ധ അർഹിക്കുന്നതാണെന്ന് എടുത്തു കാട്ടുകയും അവ പരിഹരിക്കാനുള്ള ശ്രമങ്ങളിൽ ആത്മാർത്ഥമായി സഹകരിക്കണമെന്ന് സഭാംഗങ്ങളെയും സന്മനസ്സുള്ള എല്ലാവരെയും ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നത്.

പരിസ്ഥിതി നാശത്തെയും അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെയും സമൂഹത്തിൽ ഇന്നു സംഭവിച്ചുകൊണ്ടിരിക്കുന്ന മൂല്യത്തകർച്ച എന്ന മഹാ പ്രതിസന്ധിയുടെ ഭാഗമായിട്ടാണ് മാർപ്പാപ്പാ കാണുന്നത്. ഈ പ്രശ്നങ്ങൾക്കെല്ലാം ആത്മീയമായ ഒരു തലമുണ്ട്. അതു വിസ്മരിച്ചുകൊണ്ടുള്ള പരിഹാരമാർഗ്ഗളൊന്നും തന്നെ ഫലപ്രദമാകാൻ പോകുന്നില്ല. ഏതാനും ദിവസങ്ങൾക്കു മുമ്പ് കോപ്പൻ ഹാഗനിൽ സമാപിച്ച ഉച്ചകോടിയിൽ പ്രതീക്ഷിച്ചതുപോലുള്ള പരിഹാരമുണ്ടാകാതെ പോയതിനു കാരണം ഇതുതന്നെയാണ്. വരാൻ പോകുന്ന വൻ ദുരന്തത്തിന് എത്രയും വേഗം ഒരു പരിഹാരം കണ്ടെത്തുന്നതിനേക്കാൾ ഈ ഉച്ചകോടിയിൽ പങ്കെടുത്ത വികസിത രാജ്യങ്ങൾ ശ്രമിച്ചത് തങ്ങൾക്ക് സാമ്പത്തികമായോ നിയമപരമായോ കൂടുതൽ ബാദ്ധ്യതകൾ ഉണ്ടാകാതിരിക്കാനാണ്. മറ്റുള്ളവർക്കോ വരും തലമുറയ്ക്കോ എന്തു സംഭവിച്ചാലും സാരമില്ല ഇപ്പോൾ തങ്ങൾക്കുള്ള സാമ്പത്തിക പുരോഗതിയ്ക്കും മറ്റു സുഖസൗകര്യങ്ങൾക്കും ഒരു കുറവും വരാൻ പാടില്ല എന്ന മനോഭാവം മൂല്യത്തകർച്ചയുടെയും ആദ്ധ്യാത്മികമായ അടിത്തറ നഷ്ടപ്പെട്ടതിന്റെയും പ്രതിഫലനങ്ങളാണ്.

പരിസ്ഥിതി സംരക്ഷണത്തിന് ഉണ്ടായിരിക്കണമെന്ന് മാർപ്പാപ്പാ ചൂണ്ടിക്കാണിക്കുന്ന ആദ്ധ്യാത്മിക അടിത്തറ ഇതാണ്: സങ്കീർത്തനങ്ങളിൽപറഞ്ഞിരിക്കുന്നതുപോലെ ''ഭൂമിയും അതിലെ സമസ്ത വസ്തുക്കളും ഭൂതലവും അതിലെ നിവാസികളും കർത്താവിന്റേതാണ്'' (സങ്കീ. 24, 1). നമ്മുടെ ജീവനും ദൈവത്തിന്റെ ദാനമാണ്. ഈ ജീവന്റെ നിലനിൽപ്പിനുള്ള മുന്നുപാധിയായിട്ടാണ് ദൈവം സർവ്വചരാചരങ്ങളെയും സൃഷ്ടിച്ചത്. ''താൻ സൃഷ്ടിച്ചതെല്ലാം വളരെ നന്നായിരിക്കുന്നുവെന്നു ദൈവം കണ്ടു'' (ഉല്പ. 1, 31). ഇങ്ങനെ നന്മ നിറഞ്ഞ ഒരു ലോകത്തെയാണ് ദൈവം ദാനമായി മനുഷ്യർക്കു നല്കിയത്. ഈ നന്മ പരിപോഷിപ്പിച്ചുകൊണ്ട് ഭൂമിയുടെ സൂക്ഷിപ്പുകാരനായിരിക്കാനുള്ള ഒരു ദൗത്യമാണ് ദൈവം മനുഷ്യനു നല്കിയത്. ദൈവം മനുഷ്യരോടു പറഞ്ഞു: ''ഭൂമിയിൽ നിറഞ്ഞ് അതിനെ കീഴടക്കുവിൻ'' (ഉല്പ. 1, 28). ''ഏദൻതോട്ടം കൃഷിചെയ്യുവാനും സംരക്ഷിക്കുവാനും ദൈവമായ കർത്താവ് മനുഷ്യനെ അവിടെയാക്കി'' (ഉല്പ. 2, 15). എന്നാൽ ഏദൻതോട്ടത്തിൽ വച്ചുതന്നെ സൃഷ്ടവസ്തുക്കളെയെല്ലാം ദൈവതിരുഹിതത്തിനു വിധേയമായി സംരക്ഷിക്കേണ്ട മനുഷ്യൻ ദൈവത്തെ ധിക്കരിച്ചുകൊണ്ട് പാപം ചെയ്യുകയും പ്രകൃതിയോടും സൃഷ്ടവസ്തുക്കളോടുമുള്ള ബന്ധം താറുമാറാക്കുകയും ചെയ്തു. അവനു കിട്ടിയ ശിക്ഷ ഇതായിരുന്നു: ''നീ മൂലം മണ്ണ് ശപിക്കപ്പെട്ടതായിരിക്കും. ആയുഷ്ക്കാലം മുഴുവൻ കഠിനാധ്വാനം കൊണ്ട് നീ അതിൽ നിന്നും ഉപജീവനം കഴിക്കും. അതു മുള്ളും മുൾച്ചെടികളും നിനക്കായി മുളപ്പിക്കും'' (ഉല്പ. 3. 17-18). ഇന്നും മനുഷ്യൻ പ്രകൃതിയെ ചൂഷണം ചെയ്തുകൊണ്ട് സൃഷ്ടവസ്തുക്കളെ ദുരുപയോഗിച്ചുകൊണ്ട് പ്രകൃതിയുമായുള്ള ബന്ധം താറുമാറാക്കുകയും സ്വസ്ഥത നഷ്ടപ്പെടുത്തുകയും ചെയ്യുന്നു. ദൈവേഷ്ടത്തിനനുസൃതമായി സൃഷ്ടവസ്തുക്കളെ ന്യായമായ രീതിയിൽ ഉപയോഗിച്ചുകൊണ്ട് നഷ്ടപ്പെട്ട സമാധാനം വീണ്ടെടുക്കുവാനാണ് മാർപ്പാപ്പ തന്റെ സമാധാന സന്ദേശത്തിൽ നമ്മെ ഉദ്ബോധിപ്പിക്കുന്നത്.

ആഗോളതലത്തിൽ പരിസ്ഥിതി പ്രശ്നത്തിന് ഒരു പരിഹാരം കണ്ടെത്താൻ ശ്രമിക്കുന്നതിനോടൊപ്പം തന്നെ ''അണ്ണാൻകുഞ്ഞും തന്നാലായത്'' എന്ന മനോഭാവത്തോടെ നാമോരോരുത്തരും നമ്മുടേതായ ചുറ്റുപാടുകളിൽ ത്യാഗം സഹിച്ചുകൊണ്ടുതന്നെ മാലിന്യം ഒഴിവാക്കാൻ ശ്രമിക്കണം. പ്രകൃതിയുടെയും സൃഷ്ട വസ്തുക്കളുടെയും സൂക്ഷിപ്പുകാരായ നമുക്ക് പ്രകൃതിയെ ദുരുപയോഗിച്ചതിന് ഒരു ദിവസം ദൈവത്തിന്റെ മുമ്പിൽ കണക്കു ബോധിപ്പിക്കേണ്ടി വരും എന്ന അവബോധവും എപ്പോഴുമുണ്ടായിരിക്കണം. ഇക്കഴിഞ്ഞ മാർച്ച് മാസത്തിൽ പരിസ്ഥിതി നശിപ്പിക്കുന്നത് പുതിയ ഏഴുപാപങ്ങളിലൊന്നായി മാർപ്പാപ്പ പ്രഖ്യാപിച്ചത് നാം ഗൗരവമായി എടുക്കണം.

ലോകത്തിലെ മനുഷ്യരെല്ലാം, പ്രത്യേകിച്ചും സമ്പന്ന രാജ്യങ്ങളിൽ അധിവസിക്കുന്നവർ ലളിത ജീവിതശൈലികളിലേക്ക് മാറണം എന്നതാണ് പരിശുദ്ധ പിതാവ് മുന്നോട്ടു വയ്ക്കുന്ന മറ്റൊരു നിർദ്ദേശം.

സൗരോർജ്ജം പോലുള്ള പരിസ്ഥിതി അനുകൂല ഊർജ്ജസ്രോതസ്സുകളുടെ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണമെന്നും മാർപ്പാപ്പ തന്റെ സന്ദേശത്തിൽ നമ്മെ ഉപദേശിക്കുന്നു. വെറും വാക്കുകൾ കൊണ്ടുള്ള ഒരു ഉദ്ബോധനമല്ല ഇത്. വത്തിക്കാനിലെ ഓഡിറ്റോറിയത്തിന്റെ മുകളിൽ 2700 സൗരോർജ്ജ പാനലുകൾ പിടിപ്പിക്കുകയും അതുമൂലം 200ടൺ കാർബൺഡൈഓക്സൈഡിന്റെ കുറവ് വായുമണ്ഡലത്തിൽ വരുത്തി ഒരു മാതൃക കൂടി മാർപ്പാപ്പ നല്കുന്നുണ്ട്. വത്തിക്കാനെ ആദ്യത്തെ സമ്പൂർണ്ണ പരിസ്ഥിതി സൗഹൃദസ്വതന്ത്ര രാഷ്ട്രമാക്കാനുള്ള പരിശ്രമത്തിലാണ് പരിശുദ്ധ പിതാവ് ഇപ്പോൾ.

ഉപയോഗം കഴിഞ്ഞ വസ്തുക്കളെ റീസൈക്ലിംഗ് ചെയ്യുന്നതിലും വത്തിക്കാൻ ലോകത്തിന് മാതൃകയാവുകയാണ്. ഉദാഹരണത്തിന് ക്രിസ്മസ് ദിനത്തിൽ വത്തിക്കാനിൽ ഉയർത്തുന്ന പടുകൂറ്റൻ ക്രിസ്മസ് ട്രീയുടെ കാര്യംതന്നെയെടുക്കാം. അത് റീസൈക്ലിംഗ് ചെയ്യാനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചു കഴിഞ്ഞു. ഉപയോഗത്തിനു ശേഷം അത് കരകൗശല വിദഗ്ദർക്ക് കൈമാറും. അവർ അതുകൊണ്ട് കരകൗശലവസ്തുക്കളും കളിപ്പാട്ടങ്ങളും നിർമ്മിക്കുകയും അതിലൂടെ സമാഹരിക്കുന്ന തുക ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുകയും ചെയ്യും.

എനിക്കിപ്പോൾ ഒരു പ്രശ്നവുമില്ല എന്നു പറഞ്ഞ് പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ചുള്ള പരിശുദ്ധ പിതാവിന്റെ ആഹ്വാനത്തെ നിസ്സാരമായിക്കരുതി നാം അവഗണിക്കരുത്. പ്രതീക്ഷിക്കാത്ത നേരത്തായിരിക്കും ഒരു പക്ഷേ നാമും നമുക്കു പ്രിയപ്പെട്ടവരും ഇതുമൂലമുണ്ടാകുന്ന ദുരന്തങ്ങൾക്ക് ഇരയാകേണ്ടി വരുന്നത്. അഥവാ നാം സുരക്ഷിതരാണെങ്കിൽത്തന്നെ പരിസ്ഥിതി മലിനീകരണത്തിന്റെ ദുരന്തഫലങ്ങൾ ഇന്നും അനുഭവിച്ചുകൊണ്ടിരിക്കുന്ന ലോകത്തിലെ പാവപ്പെട്ടവരോടും വളരെയേറെ രൂക്ഷമായി ഈ ദുരന്തഫലങ്ങൾ അനുഭവിക്കാൻ പോകുന്ന വരുംതലമുറയോടും നമുക്ക് ഒരു കടമയുണ്ടെന്നുള്ള വസ്തുത നാം മറന്നുപോകരുത്. പരിശുദ്ധ പിതാവ് ആഹ്വാനം ചെയ്യുന്നതുപോലെ സൃഷ്ടവസ്തുക്കളെ സംരക്ഷിച്ചുകൊണ്ടും പ്രകൃതിയോടു ദൈവേഷ്ടത്തിനനുസൃതമായി നല്ല ബന്ധം സ്ഥാപിച്ചുകൊണ്ടും ലോകത്തിൽ സമാധാനം സ്ഥാപിക്കുവാൻ നമുക്ക് ഈ പുതുവത്സരത്തിന്റെ ആരംഭത്തിൽ നമ്മെത്തന്നെ സമർപ്പിക്കാം. അതിനുവേണ്ട വെളിച്ചവും അനുഗ്രഹാശിസ്സുകളും ദൈവമാതാവായ പരിശുദ്ധ കന്യകാമറിയത്തിന്റെ മാദ്ധ്യസ്ഥ്യംവഴി ദൈവം നമുക്കു സമൃദ്ധമായി നല്കുമാറാകട്ടെ. പുതുവത്സരത്തിന്റെ എല്ലാവിധ മംഗളങ്ങളും ഒരിക്കൽക്കൂടി ഞാൻ നിങ്ങൾക്ക് സ്നേഹപൂർവ്വം ആശംസിക്കുന്നു.